പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1408 15.02.2016 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| ശ്രീ.എം. ഹംസ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | 2014-15 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | 2015-16 വർഷത്തിൽ നാളിതുവരെ സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; എത്ര കുടുംബങ്ങൾക്ക് അതിന്റെ ഗുണം ലഭിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (ബി) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | തൊഴിലുറപ്പ് പദ്ധതിയുടെ വനിതാ പ്രാതിനിധ്യം സംബന്ധിച്ച കണക്ക് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (സി) | അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | കൃഷിയുടെയും അനുബന്ധ മേഖലകളുടേയും ശാക്തീകരണത്തിനായി തൊഴിലുറപ്പ് സംവിധാനം ഏതെല്ലാം തരത്തിൽ ഉപയോഗപ്പെടുത്തി വരുന്നു എന്ന് വ്യക്തമാക്കാമോ; | (ഡി) | അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു. |
| (ഇ) | തൊഴിലുറപ്പ് ജോലി ചെയ്തിട്ട് കൂലി ലഭിക്കാത്തത് സംബന്ധിച്ച് പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | ഉണ്ട്. കേന്ദ്രസർക്കാർ ഫണ്ട് ലഭ്യമാകുന്നതിൽ കാലതാമസ്സം നേരിടുമ്പോഴും ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനത്തിൽ താൽക്കാലികമായി സംഭവിക്കുന്ന തടസ്സങ്ങളും കാരണം ചില അവസരങ്ങളിൽ സമയബന്ധിതമായി കൂലി വിതരണം നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. 01.01.2016 ൽ നാഷണൽ ഇ.എഫ്.എം.എസ്. സംവിധാനം വഴി |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാരിന്റെ സഹായത്താൽ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് കേന്ദ്ര ഫണ്ടിൽ നിന്നും വേതനവിതരണം ചെയ്യുന്ന രീതി അവലംബിച്ചിട്ടുണ്ട്. ഇ.എഫ്.എം.എസ്. സംവിധാനത്തിലെ തടസ്സങ്ങൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു കൺസൾട്ടന്റിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, മസ്റ്റർറോൾ പൂർത്തീകരിച്ചാൽ മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, വേജ് ലിസ്റ്റ് തയ്യാറാക്കൽ എന്നിവ സമയബന്ധിതമായി പൂർത്തീകരിച്ച് ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും വേതന വിതരണത്തിൽ കാലതാമസം നേരിട്ടാൽ അർഹമായ തുകയുടെ 0.05% നിരക്കിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| ജില്ല | 2014-15 ൽ സൃഷ്ടിച്ച തൊഴിൽദിനങ്ങൾ |
|---|---:|
| പാലക്കാട് | 5823255 |
| വയനാട് | 2792913 |
| ഇടുക്കി | 4570519 |
| കാസർഗോഡ് | 2590284 |
| ആലപ്പുഴ | 5347390 |
| എറണാകുളം | 3264776 |
| കണ്ണൂർ | 2101079 |
| കൊല്ലം | 4599740 |
| കോട്ടയം | 2344522 |
| കോഴിക്കോട് | 4839682 |
| മലപ്പുറം | 4419145 |
| പത്തനംതിട്ട | 2406493 |
| തിരുവനന്തപുരം | 9488726 |
| തൃശ്ശൂർ | 4230089 |
| **ആകെ** | **58818613** |

അനുബന്ധം 2

| ജില്ല | 2015-16 ൽ സൃഷ്ടിച്ച തൊഴിൽദിനങ്ങൾ | തൊഴിൽ ലഭ്യമായ കുടുംബത്തിന്റെ എണ്ണം |
|---|---|---|
| പാലക്കാട് | 6125170 | 165605 |
| വയനാട് | 2918424 | 62379 |
| ഇടുക്കി | 4117023 | 97007 |
| കാസർഗോഡ് | 2689067 | 58864 |
| ആലപ്പുഴ | 6111737 | 130474 |
| എറണാകുളം | 3428088 | 83037 |
| കണ്ണൂർ | 2636555 | 82832 |
| കൊല്ലം | 4545819 | 125673 |
| കോട്ടയം | 2132700 | 59164 |
| കോഴിക്കോട് | 4830452 | 131440 |
| മലപ്പുറം | 4030147 | 100523 |
| പത്തനംതിട്ട | 2107725 | 51093 |
| തിരുവനന്തപുരം | 7623391 | 176669 |
| തൃശ്ശൂർ | 4309068 | 97998 |
| ആകെ | 57605366 | 1422758 |

അനുബന്ധം 3

2015-16 സാമ്പത്തിക വർഷം ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ സ്ത്രീപങ്കാളിത്തം 91% ആണ്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | 2015-16 ൽ സൃഷ്ടിക്കപ്പെട്ട ദിനങ്ങിലെ സ്ത്രീപങ്കാളിത്തം (ശതമാനത്തിൽ) |
|---|---:|
| പാലക്കാട് | 92.67142 |
| വയനാട് | 88.38287 |
| ഇടുക്കി | 75.20716 |
| കാസർഗോഡ് | 93.1886 |
| ആലപ്പുഴ | 95.23072 |
| എറണാകുളം | 92.27432 |
| കണ്ണൂർ | 94.80352 |
| കൊല്ലം | 89.24662 |
| കോട്ടയം | 93.94444 |
| കോഴിക്കോട് | 93.99062 |
| മലപ്പുറം | 90.83825 |
| പത്തനംതിട്ട | 92.52028 |
| തിരുവനന്തപുരം | 92.21143 |
| തൃശ്ശൂർ | 94.01843 |
| ആകെ | 91.36922 |

Dy

അനുബന്ധം 4

കൃഷിയുടെയും അനുബന്ധ മേഖലയുടെയും ശാക്തീകരണത്തിനായി ചുവടെ പറയുന്ന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് വരുന്നു.

1. ജലസംരക്ഷണവും മഴവെള്ളകൊയ്ത്തും – കോൺടൂർ കിടങ്ങുകൾ, കോൺടൂർ ബണ്ടുകൾ, കല്ല് അടുക്കുകൾ, ഗാബിയോൺ അണകൾ, ഭൂഗർഭ അണകൾ, മണ്ണ് കൊണ്ടുള്ള ഡാമുകൾ, മഴ വെള്ളം തടഞ്ഞുനിർത്തുന്നതിനുള്ള ചെറുപ്പുകൾ ഉൾപ്പെടെയുള്ളവയുടെ നിർമ്മാണം.
2. വരൾച്ച തടയൽ – സാമൂഹ്യ വനവൽക്കരണം, വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ എന്നിവ ഉൾപ്പെടെ.
3. ജലസേചന തോടുകളും ചെറുകിട ജലസേചന സൗകര്യങ്ങളും.
4. ഫാംപോണ്ടുകൾ, ഹോൾട്ടീകൾച്ചർ, പ്ലാന്റേഷൻ, ഫാംബണ്ടുകൾ, പട്ടികജാതി/പട്ടികവർഗ്ഗം/ബിപിഎൽ/മിച്ച ഭൂമി പതിച്ചുകിട്ടിയവർ, ചെറുകിട നാമമാത്ര കർഷകർ എന്നിവരുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തനങ്ങൽ.
5. പാരമ്പര്യ ജലസ്രോതസ്സുകളുടെ നവീകരണം
6. വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ – വെള്ളംകെട്ടിനില്ക്കുന്ന പ്രദേശങ്ങളിൽ നീർച്ചാലുകൾ, നിലവിലുള്ള കനാലുകളുടെ ആഴം കൂട്ടൽ എന്നിവ ഉൾപ്പെടെ.
7. കൃഷിയുമായി ബന്ധപ്പെട്ട കമ്പോസ്റ്റ് നിർമ്മിക്കൽ, വെർമി കമ്പോസ്റ്റിംഗ്, ജൈവ കീടനാശിനി ഉത്പാദനം എന്നിവ
8. കോഴിക്കൂട്, ആട്ടിൻകൂട്, തൊഴുത്ത്, പന്നിക്കൂട് തുടങ്ങിയവയുടെ നിർമ്മാണം
9. പൊതു കുളങ്ങളിൽ മത്സ്യം വളർത്തൽ

Dy